**No. Main Store III/Stitching/SCTIMST/2022** **Date: 31.01.2022**

**<u>ക്വട്ടേഷൻ</u>**

ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടി ലേക്ക് രണ്ട് വർഷത്തേക്ക് ആവശ്യമായ ലിനൻ, മേൽ വസ്ത്രങ്ങൾ മുതലായ തുണിത്തരങ്ങൾ ഓരോ തവണയും നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ തയ്ച്ചു കൊടുക്കുന്നതിലേക്ക് താഴെ വിവരിക്കും വിധമുള്ള നിബന്ധനകൾക്കു വിധേയമായി പ്രത്യേകിച്ച് ആശുപത്രിക്കാവശ്യമായ തുണിത്തരങ്ങളുടെ തയ്യലിൽ മുൻ പരിചയമുള്ള തയ്യൽക്കാരിൽ നിന്നും 21.02.2022 2PM നുള്ളിൽ ലഭിക്കും വിധം രണ്ടു കൊല്ലത്തേക്ക് പ്രാബല്ല്യത്തിലിരിക്കത്തക്ക റേറ്റ് കാണിച്ചുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 3PM നു ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

(1) ഓരോ തവണയും തയ്ച്ചുകിട്ടേണ്ട ഇനങ്ങളുടെ എണ്ണവും വിവരങ്ങളും സ്റ്റോർ ഓഫീസ്സിൽ നിന്നും യഥാസമയം ലഭിക്കുന്നതാന്ന്. ആയതുകൾക്കാവശ്യമുള്ളത്ര ജോലിക്കാരെ വച്ചു സമയപരിധിക്കുള്ളിൽ ജോലി പൂർത്തിയാക്കിയിരിക്കണം.

(2) വേണ്ടുന്ന വസ്ത്രങ്ങളുടെ അളവനുസരിച്ചു അതിൻെറ ആവശ്യത്തിനുള്ള തുണിത്തരങ്ങൾ, നൂൽ, ബട്ടൺസ്, തുണിനാട മുതലായവ മാത്രം നിലവിലുള്ള നിയമപ്രകാരം സ്റ്റോറിൽ നിന്നും നൽകുന്നതും തയ്യൽ മെഷീൻ, സൂചി, കത്രിക, ഓയിൽ, അളവുടേപ്പ്, തുടങ്ങിയവ കരാറുകാരുടെ ചുമതലയിൽ കൊണ്ടുവരേണ്ട താണ്. തയ്ക്കാൻ ഏൽപിച്ചിട്ടുള്ള ഒരു സാധനവും അനുവാദം കൂടാതെ പുറത്തുകൊണ്ടുപോകുവാൻ പാടില്ലാത്തതാണ്. ഇൻസ്റ്റിറ്റ്യൂട്ടിനു അനുയോജ്യമെന്നു തോന്നുന്ന പക്ഷം കരാറുകാരുടെ തയ്യൽ കടയിൽ വച്ചും വസ്ത്രങ്ങൾ തയ്ച്ചുകൊണ്ടുവരുവാൻ ഒരു നിശ്ചിത തുക സെക്യൂരിറ്റി ഡിപ്പോസിറ്റ് സ്വീകരിച്ചുകൊണ്ട് അനുവദിക്കാവുന്നതാണ്.

(3) നഴ്സിങ് ഓഫീസർ/സ്റ്റോർ ഓഫീസർ എന്നിവർ നിർദ്ദേശിക്കും വിധം ഓരോ ഇനവും തൃപ്തികരമായി തയ്ക്കേണ്ടതാണ്.

(4) സമയപരിധി കൃത്യമായി പാലിച്ചിരിക്കേണ്ടുന്നതും അത്യാവശ്യമുള്ള ഇനങ്ങൾക്ക് മുൻഗണന നൽകേണ്ടതുമാണ്.

(5) ലിസ്റ്റ് സ്റ്റോറിൽ നിന്നും ലഭിക്കുന്നതോ അതിലില്ലാത്തവ തയ്ക്കേണ്ടി വന്നാൽ റേറ്റ് സ്റ്റോർ ഓഫീസർക്ക് എഴുതിക്കൊടുത്ത് അദ്ദേഹത്തിൻെറ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

(6) ഉപയോഗത്തിലിരിക്കുന്നവയ്ക്ക് കേടുപാടുകൾ തീർക്കുന്നത് സംബന്ധിച്ചുള്ള ജോലികൾക്ക് പ്രത്യേകം നിരക്ക് കാണിക്കേണ്ടതാണ്.

(7) മാസത്തിലൊരിക്കൽ ബില്ലുകൾ "തൃപ്തികരമായി തുണിത്തരങ്ങൾ തയ്ച്ച് കിട്ടി" എന്ന് നഴ്സിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റോടെ സ്റ്റോറിൽ കൊടുക്കേണ്ടതും, ആയതിനു രണ്ടാഴ്ച്ചക്കുശേഷം തുക നൽകുന്നതാണ്.

(8) പൊതുഅവധി ദിവസങ്ങളിൽ ജോലിക്കെത്തുന്നതിനു മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

(9) തയ്യൽ സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും.

(10) 2-ാംഖണ്ഡികയിൽ ഉള്ള നിബന്ധനയ്ക്കു വിധേയമായി തുണികൾ ഭദ്രമായി സൂക്ഷിക്കേണ്ടതും, ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുതന്നെ തയ്യൽ നിർവഹിക്കേണ്ടതുമാണു. തയ്യൽ മുറിയിൽ അനധികൃതമായി ആരെങ്കിലും കയറിയാൽ ഉടൻ തന്നെ സെക്യൂരിറ്റി ഓഫീസറെയും, മറ്റു മേലധികാരികളെയും അറിയിക്കുകയും റിപ്പോർട്ട് എഴുതി നൽകേണ്ടതുമാണ്.

(11) തയ്ച്ച ശേഷമുള്ള തുണികൾ മുഴുവൻ സ്റ്റോറിൽ തിരിച്ചേൽപ്പിക്കേണ്ടതും തുണിത്തരങ്ങളുടെ വിശദവിവരം കാണിച്ചുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

(12) സേവനം തൃപ്തികരമല്ലെന്നു കണ്ടാൽ കോണ്ട്രാക്റ്റ് ഉടൻ തന്നെ മതിയാക്കുന്നതാണ്. ഓരോ പ്രാവശ്യവും ഏൽപിക്കുന്ന ജോലി പൂർത്തിയാക്കിയ ശേഷമേ അടുത്ത ഓർഡർ നൽകുകയുള്ളു.

(13) തക്കതായ കാരണത്തിൻ മേൽ സെക്യൂരിറ്റി സ്റ്റാഫിനു തയ്യൽ മുറിയിൽ പ്രവേശിക്കാനുള്ള അനുവാദം ഉണ്ടായിരിക്കുന്നതാണ്.

(14) കാരണം കാണിക്കാതെ തന്നെ കരാർ മതിയാക്കുന്നതിനും ഈ വ്യവസ്ഥകളിൽ വേണ്ട ഏതുതരം മാറ്റങ്ങൾ വരുത്തുന്നതിനും ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(15) ഇൻസ്റ്റിറ്റ്യൂട്ടിൽ തയ്ച്ചു വച്ചിട്ടുള്ള സാമ്പിളുകൾ പരിശോധിച്ചശേഷം അത്തരത്തിൽ തുണിത്തരങ്ങൾ തയ്ച്ച് നൽകുന്നതിനുള്ള ക്വട്ടേഷനുകളാണു നൽകേണ്ടത്. സാമ്പിൾ പരിശോധിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തി ദിവസങ്ങളിൽ സ്റ്റോർ ഓഫീസറുടെ മുൻക്കൂർ അനുമതിയോടുകൂടി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ അനുവദിക്കുന്നതാണ്.

(16) നിലവിലുള്ള കരാർ പരസ്പര ധാരണയിൽ വരും കാലങ്ങളിലേക്ക് നീട്ടി കൊടുക്കുവാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്.

(17) കരാർ കാലയളവിൽ മേൽപ്പടി നിരക്കുകളിൽ വർദ്ധനവ് അനുവദനീയമല്ല.

(18) കൂടുതൽ വിവരങ്ങൾ മെയിൻ സ്റ്റോറിൽ (0471–2524527) നിന്നും ലഭിക്കുന്നതാണ്.

Sd/-
മെഡിക്കൽ സൂപ്രണ്ട്

**List of items generally required for stitching**

| Sl. No. | Items | Rate | |
|---|---|---|---|
| | | Rs. | Ps. |
| 1 | Long Table Sheet | | |
| 2 | Square table sheet various sizes | | |
| 3 | Gown staff | | |
| 4 | Wrapper (D/L)50”x50” | | |
| 5 | Wrapper (D/L)36”x36” | | |
| 6 | Wrapper (D/L)25”x25” | | |
| 7 | Wrapper (D/L)20”x20” | | |
| 8 | Wrapper (D/L)46”x46” | | |
| 9 | Wrapper (S/L) 46”x46” | | |
| 10 | Wrapper (S/L) 50”x50” | | |
| 11 | Wrapper (S/L)36”x36” | | |
| 12 | Wrapper (S/L) 25”x25” | | |
| 13 | Dressing Towel S/L 20”x20” | | |
| 14 | OP Towels /OT Towels | | |
| 15 | Patient Towels | | |
| 16 | Fenestration Towel | | |
| 17 | Cautary Bag | | |
| 18 | Skin Towels | | |
| 19 | Mayo stand cover | | |
| 20 | Duster | | |
| 21 | Female Jackets | | |
| 22 | Pyjama patient | | |
| 23 | Shirt patient | | |
| 24 | Pillow cover | | |
| 25 | Chest pillow cover | | |
| 26 | Window Curtains | | |
| 27 | Draw Sheet | | |
| 28 | Sponge Single | | |
| 29 | Sponge Double | | |
| 30 | Baby frocks | | |
| 31 | Pyjama for Children | | |
| 32 | Shirt for children | | |
| 33 | Pyjama OT | | |
| 34 | Shirt OT | | |
| 35 | Linen hamber | | |
| 36 | Craniotomy sheet | | |
| 37 | Linen aprons | | |
| 38 | Test tube cover | | |
| 39 | Curtain Screen | | |
| 40 | Large curtains of furnishing cloth | | |
| 41 | Fenestration towel with multiple suture holders | | |
| 42 | Mending Charges | | |
| 43 | Squre table sheet single layer | | |

| | | | |
|---|---|---|---|
| 44 | CABG towel | | |
| 45 | Cover for IV set (linen) | | |
| 46 | Towel green | | |
| 47 | White with strip of tapes | | |
| 48 | Gown patient | | |
| 49 | Surgical gown | | |
| 50 | Small hand towels | | |
| 51 | Round pillow cover (small) | | |
| 52 | Chest towel (small) | | |
| 53 | Wrappers(medium & small) | | |
| 54 | Central line drape (neck line & femoral line) | | |
| 55 | Square table sheet – various sizes | | |
| 56 | Turkish hand towel 60cmx45cm | | |
| 57 | Abdominal sponge 75x75cm – 6 layers | | |
| 58 | Pyjama POT - XXL | | |
| 59 | Shirt OT-XXL | | |
| 60 | Patient (female) Skirt | | |
| 61 | Patient (female) Shirt with pleats | | |
| 62 | Gown for staff with pocket, half sleeves | | |
| 63 | Scrub suit including pyjama & shirt with pocket | | |